©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2021 ഡിസംബർ 06<br>06th December 2021<br>1197 വൃശ്ചികം 21<br>21st Vrischikam 1197<br>1943 അഗ്രഹായനം 15<br>15th Agrahayana 1943 | നമ്പർ<br>No. 3570 |

## തിരുവനന്തപുരം നഗരസഭ

### വിജ്ഞാപനം

യുപിഎ1/76180/21 03/12/2021

തിരുവനന്തപുരം

### നഗര തെരുവ് കച്ചവട സമിതി തെരഞ്ഞെടുപ്പ്

കേന്ദ്ര തെരുവ് കച്ചവട ചട്ടം - 2014 (തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും , നിയന്ത്രണവും ), സ. ഉ . (പി) നമ്പർ .15 /2018 /തസ്വഭവ തീയതി 12 .03 .2018 അദ്ധ്യായം 2, ചട്ടം (5) നിയമം പ്രകാരം തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നഗരസഭയിലെ നഗര തെരുവ് കച്ചവട സമിതിയിലേക്കുള്ള 9 (നിലവിലുള്ള തെരുവ് കച്ചവട ലിസ്റ്റിൽ നിന്നുള്ള) തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരുവ് കച്ചവട ചട്ടത്തിലും നിയമത്തിലും പ്രതിപാദിച്ചിരിക്കുന്ന ചുമതലകൾ, കൂടാതെ തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും, നിയന്ത്രണവും, പുനരധിവാസവും ആണ് നഗര തെരുവ് കച്ചവട സമിതിയുടെ ചുമതലകൾ. ( ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിനു ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് )

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം ബാഹ്യ ശക്തികളെ ഒഴിവാക്കി നഗരസഭകളുടെ നിയന്ത്രണത്തിലേക്കു കൊണ്ട് വരുന്നതിനായി 2014 ൽ ഇന്ത്യൻ പാർലമെന്റ് തെരുവ് കച്ചവട (തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും, നിയന്ത്രണവും) ചട്ടം പാസ്സാക്കുകയുണ്ടായി. ഈ ചട്ടം വിഭാവനം ചെയ്യുന്നതനുസരിച്ചു സംസ്ഥാന സർക്കാർ 2018 മാർച്ച് 12 തീയതിയിൽ തെരുവ് കച്ചവട (തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവും, നിയന്ത്രണവും) നിയമം വിജ്ഞാപനം ചെയ്യുകയുണ്ടായി. തെരുവ് കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനും, പുനരധിവാസത്തിനും ഉള്ള തെരുവ് കച്ചവട ചട്ടവും, നിയമവും നടപ്പിലാക്കുന്നതിനും വേണ്ടിയാണു നഗരസഭാ തലത്തിൽ നഗര തെരുവ് കച്ചവട സമിതി നിലവിൽ വന്നിട്ടുള്ളത് . തെരുവ് കച്ചവട ചട്ടം അദ്ധ്യായം 2 ചട്ടം (5) പ്രകാരം പ്രസ്തുത സമിതിയിലേക്ക് തെരുവ് കച്ചവടക്കാരുടെ 9 പ്രതിനിധികളെ തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതുണ്ട്. ആയതിൻ പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം നഗരസഭയിലെ നഗര തെരുവ് കച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവട പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പ് നടത്തുവാൻ നഗരസഭ തീരുമാനിച്ചു .

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി

ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം .

(ഒപ്പ്)

സെക്രട്ടറി

തിരുവനന്തപുരം നഗരസഭ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.12.06 02:47:38 +05:30